" ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം.സിഡിഎൻ.2/12/2022/പൊഭവ തിരുവനന്തപുരം, തീയതി:25.06.2022.

# സർക്കുലർ

വിഷയം:- സർക്കാർ ഡയറി 2023 – വിവരശേഖരണം – സംബന്ധിച്ച്

സൂചന :- 15.06.2021-ലെ സ.ഉ.(സാധാ) 2204/2021/പൊഭവ നമ്പർ ഉത്തരവ്.

2023-ലെ സർക്കാർ ഡയറിയിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ ഓൺലൈനിലൂടെയാണ് ശേഖരിക്കുന്നത്. വിവിധ സർക്കാർ വകുപ്പുകൾക്കും ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും അനുവദിച്ചിട്ടുള്ള യൂസർ നെയിമും പാസ്സ്‌വേഡും ഉപയോഗിച്ച് **https://gaddiary.kerala.gov.in** എന്ന ലിങ്കിലൂടെ നേരിട്ടോ **www.gad.kerala.gov.in** എന്ന ഇന്റർനെറ്റ് വിലാസത്തിൽ പ്രവേശിച്ചോ 2023-ലെ ഡയറിയിൽ ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ നൽകാവുന്നതാണ്. **01.07.2022 മുതൽ 31.07.2022** വരെ ഇപ്രകാരം ഓൺലൈനിലൂടെ വിവരങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) 2022- ലെ ഡയറിയിൽ ഉൾപ്പെട്ടിട്ടുള്ള പദവികളെ സംബന്ധിച്ച വിശദാംശങ്ങൾ മാത്രമേ 2023-ലെ ഡയറിക്കായി ഓൺലൈനിലൂടെ സമർപ്പിക്കാവൂ.

2) രാജ്ഭവൻ, മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും ഓഫീസുകൾ, ചീഫ് സെക്രട്ടറിയുടെ ഓഫീസ്, സ്പീക്കർ/പ്രതിപക്ഷനേതാവ്/ഡെപ്യൂട്ടി സ്പീക്കർ/ സർക്കാർ ചീഫ് വിപ്പ് എന്നിവരുടെ ഓഫീസുകളുടെ വിശദാംശങ്ങൾ തുടങ്ങിയവ അതതു ഓഫീസുകളിൽ നിന്നും നേരിട്ട് ഓൺലൈൻ വഴി നൽകേണ്ടതാണ്.

3) സെക്രട്ടേറിയറ്റിലെ അതത് വകുപ്പുകളിലെ ജോയിന്റ് സെക്രട്ടറിതലം മുതൽ സെക്രട്ടറിതലം വരെയുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ അതാത് വകുപ്പിലെ കൺസോളിഡേഷൻ സെക്ഷൻ ഓൺലൈനായി നൽകേണ്ടതാണ്.

4) എം.പി. മാരുടെ വിശദാംശങ്ങളും ന്യൂഡൽഹിയിലെ കേരള സർക്കാർ ഓഫീസുകളുടെ വിശദാംശങ്ങളും റസിഡന്റ് കമ്മീഷണറുടെ ഓഫീസിൽ നിന്നും ഓൺലൈൻ മുഖാന്തിരം നൽകേണ്ടതാണ്.

5) ജില്ലാ ഓഫീസുകളുടെ വിശദാംശങ്ങൾ അതാത് ജില്ലാ കളക്ടർമാരുടെ ഓഫീസിൽ നിന്ന് ഓൺലൈൻ വഴി ലഭ്യമാക്കേണ്ടതാണ്.

6) എം.എൽ.എ.മാരുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും വിശദാംശങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ഓൺലൈൻ വഴി ലഭ്യമാക്കേണ്ടതാണ്.

7) വിശദാംശങ്ങളിൽ മാറ്റങ്ങളില്ലാത്ത വകുപ്പുകളും ഓഫീസുകളും സ്ഥാപനങ്ങളും മേൽപ്രകാരം login ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തി update ചെയ്യേണ്ടതാണ്.

8) തിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ ചെയ്ത് എല്ലാ വിവരങ്ങളും കൃത്യമാണെന്ന് ഉറപ്പുവരുത്തി 'update' ചെയ്ത ശേഷം മാത്രമേ data freeze ചെയ്യണമോ എന്ന ഫീൽഡിൽ 'Yes' ബട്ടൺ ക്ലിക്ക് ചെയ്യാവൂ. Data freeze ചെയ്തുകഴിഞ്ഞാൽ വീണ്ടും login ചെയ്യാനോ യാതൊരുവിധ മാറ്റവും വരുത്താനോ സാധിക്കില്ല

9) ഡയറിയിൽ വിവരങ്ങൾ ഉൾപ്പെടുത്താനുള്ള കീഴ് ഓഫീസുകളുടെ വിവരങ്ങൾ update ചെയ്തിട്ടുണ്ടെന്ന് എല്ലാ വകുപ്പ് മേധാവികളും ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

10) ഓൺലൈനിലൂടെ നൽകുന്ന വിശദാംശങ്ങളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഓഫീസ് മേധാവിയ്ക്കായിരിക്കും.

11) ഓൺലൈനായി വിവരങ്ങൾ നൽകുന്നതിന് സാങ്കേതിക ബുദ്ധിമുട്ട് ഉണ്ടാകുന്ന പക്ഷം helpline നമ്പരായ 0471 2518120-ലൂടെയോ keralagovernmentdiary@gmail.com എന്ന മെയിൽ ID വഴിയോ പരിഹാരം തേടാവുന്നതാണ്.

12) 2022-ലെ സർക്കാർ ഡയറിയിൽ ഉൾപ്പെട്ടിട്ടുള്ളതും യൂസർ നെയിമും പാസ് വേഡും ലഭ്യമായിട്ടില്ലാത്തതുമായ സ്ഥാപനങ്ങളും ഓഫീസുകളും keralagovernmentdiary@gmail.com എന്ന ഇ-മെയിൽ വഴി ബന്ധപ്പെടേണ്ടതാണ്.

13) നിശ്ചിത സമയപരിധിക്കുള്ളിൽ ഓൺലൈനായി വിവരങ്ങൾ ഉൾപ്പെടുത്താത്ത/നിലവിലുള്ള വിവരം ശരിയാണെന്ന് ഉറപ്പുവരുത്താത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ സർക്കാർ ഡയറിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

കെ.ആർ.ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ - 680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്, കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി

സ്റ്റേറ്റ് ഇൻഫോമാറ്റിക്സ് ഓഫീസർ, NIC, കേരള സ്റ്റേറ്റ് സെന്റർ, സി-ഡാക് ബിൽഡിംഗ്,

വെള്ളയമ്പലം, തിരുവനന്തപുരം -33

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

(പ്രസ്സ് റിലീസിനും മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണം നടത്തുന്നതിനുമായി)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ